പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1909 — 14.08.2017 ൽ മറുപടിക്ക്

വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അക്രഡിറ്റേഷൻ പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്ററിൽ എന്തൊക്കെ സേവനങ്ങളാണ് രോഗികൾക്ക് ലഭിച്ചുവരുന്നത്; | (എ) | അക്രഡിറ്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 9 മണി വരെയുള്ള 2 ഷിഫ്റ്റ് ആയാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഫീവർ ക്ലിനിക്, എൻ.സി.ഡി. ക്ലിനിക്, ആന്റിനേറ്റൽ ക്ലിനിക്, ലാബ് സൗകര്യം; എന്നീ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്ററിനെ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഹോസ്പിറ്റൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഇവിടെ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യകേന്ദ്രത്തിന് 2012-ൽ ക്യാഷ് അക്രഡിറ്റേഷൻ ലഭിച്ചു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന സേവനങ്ങൾ ഈ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. രോഗികൾക്ക് ആവശ്യമായ നിർദേശം നൽകുന്നതിനായി ലെ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.<br>2. രോഗികളുടെ അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും പ്രദർശിപ്പിച്ചു.<br>3. ഒ .പി, ലാബ്, ഫർമാസി എന്നീ വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം ഏർപ്പെടുത്തി.<br>4. ഒ .പി-യിൽ രോഗികൾക്ക് ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കി.<br>5. രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വീൽ ചെയറുകളിലും ട്രോളികളിലും സുരക്ഷാ ബെൽറ്റുകൾ നിർബന്ധമാക്കി.<br>6. ഒ പി വിഭാഗത്തിന്റെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.<br>7. ഇൻജെക്ഷൻ റൂമിലും, ഒ പി-യിലും എത്തുന്ന രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തി.<br>8. ദുരന്തനിവാരണം, ആശുപത്രിയിൽ അണുബാധ നിയന്ത്രണം, ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ജീവനക്കാർക്ക് പരിശീലനം നൽകി.<br>9. മുലയൂട്ടുന്ന അമ്മമാർക്ക് അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്രത്യേക മുറി |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി.<br>10. ബയോ മെഡിക്കൽ വേസ്റ്റ് നിർമാർജ്ജനം ചെയ്യുന്നതിനായി image-മായി കരാർ ഒപ്പിട്ടു.<br>11. രോഗി പരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു .<br>12. ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിലേക്കു നടപടി സ്വീകരിച്ചു.<br>13. ടോക്കൺ സംവിധാനം ഏർപ്പെടുത്തി.<br>14. ഓരോ ജീവനക്കാർക്കും പ്രത്യേകം പേർസണൽ റെക്കോർഡുകൾ തയ്യാറാക്കി.<br>15. വാർഡുകളിലും ഫാർമസികളിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയ്നറുകളിലാണ് സൂക്ഷിക്കുന്നത്.<br>16. ഫാർമസിയിൽ ശുചിത്വവും, വായു സഞ്ചാരം ഉള്ളതുമായ അറകളിൽ മരുന്നുസൂക്ഷിക്കുന്നു.<br>17. നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്തരീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചു.<br>18. രോഗികളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിച്ചു ആശുപത്രിയിൽ തുടർനടപടികൾ സ്വീകരിച്ചു.<br>19. രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയശേഷം മാത്രമേ ഉപഗോഗിക്കാവൂ എന്ന നിർദേശം ഉറപ്പുവരുത്തി.<br>20. എല്ലാ ജീവനക്കാർക്കും തുടർപരിശീലനം ഉറപ്പാക്കി, കൂടാതെ ദേശീയ പദ്ധതികൾ കൃത്യമായി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ